ഉത്തരം

(എ) 2003-2004 വർഷത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ കുരുമുളക് കൃഷി വികസനത്തിൽ ജൈവ കുരുമുളക് കൃഷി പ്രോൽസാഹിപ്പിക്കൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം വർഷം 800 ഹെക്ടറിൽ ജൈവകൃഷി വഴി കുരുമുളക് ഉൽപ്പാദനം സാധ്യമാക്കുന്നു. വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കുന്നു. ജൈവവളം, ജൈവകീടനാശിനി, ഫാംയാർഡ് മാനുവർ, കമ്പോസ്റ്റ് എന്നിവ വാങ്ങുന്നതിനായി ഹെക്ടറിന് ഒന്നാം വർഷം 2,900 രൂപ വീതം കർഷകർക്കു നൽകുന്നു. ഒന്നാം വർഷം 800 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 23.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഒന്നാംവർഷം ജൈവകൃഷി രീതി അവലംബിക്കുന്നതു മൂലം ഉള്ള വിളവിന്റെ വ്യതിയാനം കണക്കിലെടുത്ത് 2900 രൂപയ്ക്ക് പുറമെ ഹെക്ടറിന് 1,000 രൂപ അധികസഹായവും നൽകി വരുന്നു. ഇതിലേക്കായി 8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

രണ്ടാം വർഷ കൃഷിക്ക് ഹെക്ടറിന് 1,450 രൂപ വീതം ധനസഹായം നൽകുന്നു. ഇപ്രകാരം 800 ഹെക്ടറിലേക്ക് 11.6 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കൂടാതെ സംയോജിത കീടനിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 400 ഹെക്ടറിൽ ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾ നടത്താനും ഈ പ്ലോട്ടുകളിലേയ്ക്കാവശ്യമായ ജൈവനിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് ആവശ്യമായ ടൈക്കോഡെർമ വാങ്ങുന്നതിന് ഹെക്ടറിന് 1,250 രൂപവീതം നൽകുന്നു. ഇപ്രകാരം 400 ഹെക്ടറിലേക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ കാർഷിക കയറ്റുമതി മേഖലയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ ജൈവ കുരുമുളകും ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ജൈവകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന കുരുമുളകാണെന്ന് ഉറപ്പുവരുത്താൻ സ്പൈസസ് ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ വഴി വിദഗ്ദ്ധ ടെസ്റ്റുകൾ നടത്തുന്നതിന് കൃഷി വകുപ്പിന് ഉദ്ദേശ്യമുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

പ്ലാന്റേഷൻമേഖലയിൽ മാരകരോഗബാധിതരായിട്ടുള്ളവരെ കുറിച്ച് പഠനം

58 [5512] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ മേഖലയിൽ മാരകരോഗബാധിതരായിട്ടുള്ളവരെ കുറിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ മേൽപഠനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പ്ലാന്റേഷൻ മേഖലയിലെ രോഗികളെ ചികിൽസിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജി. ഒ. (ആർ ടി.) 353/2001/എ.ഡി. തീയതി 23-2-2001 പ്രകാരം സംസ്ഥാന സർക്കാർ പരിസ്ഥിതി ഗവേഷകനായ ഡോ. എ. അച്ചുതൻ അദ്ധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി പഠനം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(സി) കൃഷി വകുപ്പു മുഖേന നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

സോയിൽ ടെസ്റ്റിംഗ് ലബോറട്ടറി സ്ഥാപിക്കുവാൻ നടപടി

59 [5513] ശ്രീ. ഡി. സുഗതൻ:
,, എം. കെ. പോൾസൻ മാസ്റ്റർ:
,, കെ. മുഹമ്മദാലി:
,, വർക്കല കഹാർ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ഗ്രാമപഞ്ചായത്തിലും സോയിൽ ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലാത്തപക്ഷം ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ സോയിൽ ടെസ്റ്റിംഗ് ലബോറട്ടറി വീതം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 14 ജില്ലകളിൽ 14 മണ്ണു പരിശോധനാ കേന്ദ്രങ്ങളും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 9 സഞ്ചരിക്കുന്ന മണ്ണു പരിശോധനാ ശാലകളും നിലവിലുണ്ട്. ഓരോ പഞ്ചായത്തിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

† അനുബന്ധം V കാണുക.

LIBRARY ARCHIVES Kerala Legislative Assembly